നമ്പർ : ICPS 2/8134/2015

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം 17/12/2015

## സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ്, ഐ.സി.പി.എസ്:- ബോധിനി എന്ന സന്നദ്ധ സംഘടനയുടെ "നവമാധ്യമങ്ങളൊരുക്കും സൈബർക്കെണിയിൽ വീഴാനല്ലീ ബാല്യം" എന്ന പോസ്റ്റർ വിതരണം ചെയ്യുന്നത് സംബന്ധിച്ച്.

സൂചന : 24.11.2015-ലെ ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നമ്പർ 21.

കുട്ടികൾ ഇൻറർനെറ്റ്, മൊബൈൽ ഫോൺ എന്നിവ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് കൊച്ചിയിൽ പ്രവർത്തിക്കുന്ന ബോധിനി എന്ന സന്നദ്ധ സംഘടന തയ്യാറാക്കിയ "നവമാധ്യമങ്ങളൊരുക്കും സൈബർക്കെണിയിൽ വീഴാനല്ലീ ബാല്യം" എന്ന പോസ്റ്റർ സംസ്ഥാനത്തെ ഡി.സി.പി.യു-കൾ മുഖാന്തിരം അച്ചടിച്ച് വിതരണം ചെയ്യുന്നതിന് സൂചനപ്രകാരം തീരുമാനിച്ചിരുന്നു. ആയതനുസരിച്ച് സംസ്ഥാനത്തെ എല്ലാ ഡി.സി.പി.യു-കളും അനുബന്ധമായി ചേർത്തിട്ടുള്ള പോസ്റ്റർ അച്ചടിച്ച് പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ, ചൈൽഡ് ലൈൻ തുടങ്ങിയവ വഴി സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കൻററി സ്കൂൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഇതിലേയ്ക്കാവശ്യമായ തുക റിക്കറിംഗ് എക്സ്പെൻഡിച്ചർ ഇനത്തിൽ 'ട്രെയിനിംഗ്, കപ്പാസിറ്റി ബിൽഡിംഗ്, ഐ.ഇ.സി ആൻഡ് അഡ്വോക്കസി, മോണിറ്ററിംഗ്' എന്ന കമ്പോണൻറിൽ നിന്നും വഹിക്കാവുന്നതാണ്. കോഴിക്കോട് ജില്ലാ ശിശു സംരക്ഷണ ഓഫീസർ ഈ പോസ്റ്ററിൻെറ കൂടുതൽ കോപ്പികൾ പ്രിൻറ് ചെയ്ത് സാമൂഹ്യ നീതി വകുപ്പ് ദിനാഘോഷത്തോടനുബന്ധിച്ചുള്ള എക്സിബിഷൻ സ്റ്റാളിൽ വിതരണം ചെയ്യേണ്ടതാണ്.

(ഒപ്പ്)

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം : ബോധിനി എന്ന സന്നദ്ധ സംഘടനയുടെ "നവമാധ്യമങ്ങളൊരുക്കും സൈബർക്കെണിയിൽ വീഴാനല്ലീ ബാല്യം" എന്ന പോസ്റ്റർ.

എല്ലാ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർക്കും.

പകർപ്പ്

1. പ്രോഗ്രാം മാനേജർ
2. സ്റ്റോക്ക് ഫയൽ

# നവമാധ്യമങ്ങളൊരുക്കും സൈബർ കെണിയിൽ വീഴാനല്ലീ ബാല്യം..



ഓൺലൈനിൽ നിങ്ങൾ സമർപ്പിക്കുന്ന വിവരങ്ങൾ എക്കാലത്തും അവിടെ തന്നെ നില്നില്ക്കും, അതിനാൽ കൊടുക്കുന്ന വിവരങ്ങൾ പരിമിതപ്പെടുത്തുക

മറ്റുള്ളവർ കാണരുതെന്ന് നമ്മൾ ആഗ്രഹിക്കുന്ന ചിത്രങ്ങളും, വീഡിയോകളും ആരുമായും ഷെയർ ചെയ്യാതിരിക്കുക

നിങ്ങൾ സന്തോഷത്തോടെ ഇരിക്കുമ്പോൾ മാത്രം സോഷ്യൽ മീഡിയ വെബ്സൈറ്റുകൾ ഉപയോഗിക്കുക, അല്ലെങ്കിൽ അത് നിങ്ങളെ കൂടുതൽ മാനസിക പിരിമുറുക്കത്തിലേക്ക് നയിക്കും

അപരിചിതരിൽ നിന്നും ഫ്രണ്ട് റിക്വസ്റ്റുകൾ സ്വീകരിക്കുകയോ അവരെ നേരിൽ കാണാൻ ശ്രമിക്കുകയോ ചെയ്യരുത്

ഓൺലൈനിൽ സൗജന്യമായി ഗെയിം കളിക്കുന്നതിനായി നിങ്ങളുടെ പേരോ, മേൽവിലാസമോ, മറ്റുവിവരങ്ങളോ കൊടുക്കാതിരിക്കുക

അനുവാദം കൂടാതെ മറ്റുള്ളവരുടെ ഫോട്ടോ എടുക്കാനോ നിങ്ങളുടെ ഫോട്ടോ മറ്റുള്ളവർ എടുക്കാനോ പാടുള്ളതല്ല

**ഇൻ്റർനെറ്റ് വളരെ നല്ലതാണ്**

ശക്തമായ പാസ്‌വേഡുകൾ ഉപയോഗിക്കുക

അനാവശ്യമായ കോളുകളും മെസ്സേജുകളും ഉടൻ ബ്ലോക്ക്ചെയ്യുക

ഓൺലൈനിൽ ഒരു വ്യക്തിയെ പരിഹസിക്കുന്നതും മാനസിക ബുദ്ധിമുട്ടുണ്ടാക്കുന്നതും ശിക്ഷാർഹമായ കുറ്റമാണ്

ഫെയ്സ്ബുക്കിലേയും മറ്റും പ്രൈവസി സെറ്റിങ്ങുകൾ ശ്രദ്ധിച്ചുപയോഗിക്കുക / ദൃഢപ്പെടുത്തുക

കുട്ടികൾ ഓൺലൈനിൽ എന്ത്ചെയ്യുന്നു എന്നതിനെപ്പറ്റി മാതാപിതാക്കൾ ബോധാവാന്മാരായിരിക്കുക

സ്മാർട്ട് ഫോണുകളിൽ എടുക്കുന്ന ഫോട്ടോകളിൽ GPS ലൊക്കേഷൻ ടാഗ് ആകുന്നതിനാൽ അവ ശ്രദ്ധിച്ചു മാത്രം ഷെയർ ചെയ്യുക

അപരിചിതരായ വ്യക്തികളിൽ നിന്നുള്ള ലൈംഗികച്ചുവയുള്ള മെസേജുകളോ ചാറ്റുകളോ ബ്ലോക്ക് ചെയ്യുക

മെസ്സേജുകൾ ഡിലീറ്റ് ചെയ്യുകയോ, അക്കൗണ്ട് ഉപേക്ഷിക്കുകയോ ചെയ്യാതെ അവയെ തെളിവിനു വേണ്ടി സൂക്ഷിക്കുക

**NO**

ഭീഷണിക്ക് വഴങ്ങാതിരിക്കുക ഉടൻ തന്നെ സഹായം തേടുക

**REACH OUT WHEN IN TROUBLE**
**Bodhini : 8891320005**

**Cyber Cell :** 9497976004
**Childline:** 1098
**Email:** bodhini2014@gmail.com,
**Web:** www.bodhini.in

BODHINI
Freedom From Fear

Content © Bodhini 2015, a Rotary Cochin Metropolis Initiative.
Powered by Kerala State Council for child welfare and child line